## 3.2501 പൂവിൻ നിർമ്മലകാന്തി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

പൂവിൻ നിർമ്മലകാന്തി ചേർ, ന്നതിടിവെട്ടേകുന്ന ഗാംഭീര്യമാർ,–
ന്നാവേശം, ദയ, ഭക്തി, ദുഃഖമിവയെച്ചാലിച്ച മാധുര്യമായ്,
ഭാവം ഭൂമിയിലുള്ളതൊക്കെയൊരുമിച്ചാത്മാംശമാക്കുന്നൊരാ
നാവിന്നായി, സരസ്വതീവിലസിതാരാമത്തിനായ് സ്വാഗതം!

കവി : **ഉമേഷ് നായർ**, കൃതി : *യേശുദാസിനോട്*

## 3.2502 ഭ്രൂഷാവർണാദിയാലീ. . . (കർത്താ)

സ്രഗ്ദ്ധര

ഭ്രൂഷാവർണാദിയാലീ ഭുവനമഖിലവും ഹന്ത! മോഹിച്ച രാഗ–
ദ്വേഷാപൂർണം വിഘൂർണം ശിവ ശിവ! പറയാവല്ല മായാവിലാസം
ഭാഷാകർണാമൃതം മേ സുകൃതമിതു സദാ നാവുകൊണ്ടാസ്വദിച്ചാൽ
നൃഴാ കർമ്മാവലീവല്ലികളിലുടനവൻ പിന്നെ മുന്നേതുപോലെ.

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണാമൃതം*

## 3.2503 ഭോഷ്കം പറഞ്ഞു. . . (വിശ്വപ്രഭ)

വസന്തതിലകം

ഭോഷ്കം പറഞ്ഞു ഭവനങ്ങളിലംഗാനാനാം
പോയ്ക്കട്ടമപ്പരിചു രാപ്പകലുള്ളതെല്ലാം
നീർപ്പോള പോലെ മരുവുന്ന കളേബരാന്തേ
വീർപ്പുണ്ടതും നിയമമല്ല നിനയ്ക്കെടോ നീ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.2504 നീഹാരാഭം നിരുപമരസം. . . (കർത്താ)

മന്ദാക്രാന്ത

നീഹാരാഭം നിരുപമരസം നീരമാസ്വാദ്യ നൽപ്പു–
ല്ലാഹാരം ചെയ്തഹരഹരപക്ലേശമായ് കേശവന്റെ
ഗേഹാസന്നസ്ഥലിയതിലതിസ്വൈരമായ് സഞ്ചരിക്കും
മാഹാസംഘം മനസി നിതരാമേകമാനന്ദമാർക്കും.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.2505 ഗംഗാദേവി പിറന്ന. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഗംഗാദേവി പിറന്ന മഞ്ഞണിവെളുപ്പാളുന്ന ശൈലത്തില–
ക്കസ്തൂരീമൃഗവാസവാസനയെഴും വൻപാറയൊത്തുള്ളതാം
ശൃംഗത്തിൻ ശ്രമമാറ്റുവാൻ കയറി വാണീടുന്ന നീ ശംഭു തൻ
കൂറ്റൻ കുത്തിയ കൊമ്പിലാർന്ന ചളിപോൽ ശോഭിച്ചിടും നിശ്ചയം

കവി : **കെ. എസ്. നീലകണ്ഠനുണ്ണി**, കൃതി : *മേഘസന്ദേശം പരിഭാഷ*

## 3.2506 ശ്രാവം ശ്രാവം തദാനീം. . . (കർത്താ)

സ്രഗ്ദ്ധര

ശ്രാവം ശ്രാവം തദാനീം പ്രിയനിധനമഥക്രോധസംഘൂർണ്ണിതാഭ്യാം
ചക്ഷുർഭ്യാമുദ്വമന്തീ സ്മരഹരനിടിലോദ്ഭ്രാന്തബർഹിശ്ശിഖാഭാം
ഭ്രാമ്യജ്ജ്യാതിഷ്കണാളീം ഘടനതഡതഡാദംഷ്ട്രികാ സിംഹികേതി
പ്രഖ്യാതാസഹ്യരുക്ഷാക്ഷരകഥനപരാ രാക്ഷസീ പ്രോത്ഥിതാഭ്രൽ.

കവി : **കോട്ടയത്ത് തമ്പുരാൻ**, കൃതി : *കിർമ്മീരവധം*

## 3.2507 ഭാവബന്ധമൊട്ടു. . . (ഋഷി)

രഥോദ്ധത

ഭാവബന്ധമൊട്ടു സത്യരൂപനാം
ദേവ, നിന്മഹിമയാർന്ന കോവിലിൽ
പാവനപ്രഭയെഴും വിളക്കിതാ
സാവധാനമടിയൻ കൊളുത്തിനേൻ

കവി : **ആശാൻ**, കൃതി : *ദീപാർപ്പണം*

## 3.2508 പള്ളിക്കുറപ്പു മരമെന്ന. . . (കർത്താ)

വസന്തതിലകം

പള്ളിക്കുറപ്പു മരമെന്ന കണക്കെ നിന്മെയ്–
പിള്ളയ്ക്കുറപ്പു ജനനീവ സമാശ്രയം മേ
ഉള്ളിൽ കറപ്പു കളവാൻ തിരുവുള്ളമോടേ
പള്ളിക്കുറുപ്പുണരവേണമനന്തശായിൻ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണാമൃതം*

## 3.2509 ഉണ്ണിക്കാൽ കൊണ്ടു നൃത്തങ്ങളും. . . (വിശ്വപ്രഭ)

സ്രഗ്ദ്ധര

ഉണ്ണിക്കാൽ കൊണ്ടു നൃത്തങ്ങളുമരനിറയെക്കിങ്ങിണിപ്പൊന്നരഞ്ഞാ–
ണുണ്ണിക്കൈകൊണ്ടു താളങ്ങളുമണിമുടിയിൽ പിഞ്ഛവും കൊഞ്ചൽവായ്യും
ഉണ്ണിക്കണ്ണന്റെ പൂമെയ് കുഴൽവിളിയുമട്ടുത്തുള്ള ചിൽപ്പിള്ളരും മേ
കണ്ണിൽ കാണുന്ന പോലേ മനതളിരിലുദിക്കേണമോർക്കുമ്പൊഴെല്ലാം

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.2510 ഉടൻ മഹാദേവി. . . (രഘു സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഉടൻ മഹാദേവിയിടത്തു കയ്യാ–
ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി,
ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി–
പ്പാർശ്വസ്ഥനാകും പതിയോടുരച്ചു.

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

## 3.2511 ജനിച്ചന്നതന്നേ. . . (ഋഷി)

ഭുജംഗപ്രയാതം

ജനിച്ചന്നതന്നേ മരിയ്ക്കും ദിനത്തെ–
ഗ്ഗണിയ്ക്കുന്നജൻ തന്റെ ചാരത്തുനിന്നും
തനിച്ചിങ്ങു വന്നെത്തി വേഷങ്ങളാടി–
ത്തിരിയ്ക്കും നരാ, നിന്റെ നാട്യം നിരർത്ഥം!

കവി : **പി. കെ. മൂസത്, പെരുവനം**, കൃതി : *മുക്തകങ്ങൾ*

## 3.2512 തമ്പോറടിക്ക കുഴലൂതുക . . . (ശ്രീജിത്ത്)

വസന്തതിലകം

തമ്പോറടിക്ക കുഴലൂതുക കാശിരാജ്യം
വൻപോരടിച്ചിഹ പിടിക്കണമിന്നു പോണം
മുൻപോട്ടു വെയ്ക്കുമടി പിൻപു വലിച്ചിടാത്ത
വൻപോലുമെൻ വിപുല സേന പുറപ്പെടട്ടേ

കവി : **ഒട്ടുവിൽ കുഞ്ഞികൃഷ്ണ മേനോൻ**, കൃതി : *വിനോദിനി*

## 3.2513 മഞ്ചാടിക്കുരു കുന്നിമാലകൾ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മഞ്ചാടിക്കുരു കുന്നിമാലകൾ മുരുക്കിൻപൂക്കളിത്യാദിയും
ചെഞ്ചോരിക്ക വിരോധിയാമധരവും തൃക്കൈകൾ തൃക്കാൽകളും
ചാഞ്ചാടിക്കളിയും ചമഞ്ഞ വടിവും പൂഞ്ചായലിൽ പൂഴിയും
ചെഞ്ചോടേ തിരുമേനി രണ്ടുമണയത്തമ്മാറു കണ്ടാവൂ ഞാൻ.

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണാമൃതം*

## 3.2514 ചെമ്പിച്ചതാം വൻ ചിറകും. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ചെമ്പിച്ചതാം വൻ ചിറകും, വെളുത്ത
കഴുത്തുമുള്ളോരു പരുന്തിദാനീം
മത്സ്യത്തെ റാഞ്ചുന്നതിനായ്ക്കുളത്തിൻ
മേലേ വലം വെച്ചു പറന്നിടുന്നു

കവി : **വള്ളത്തോൾ**, കൃതി : *ഉൾനാട്ടിലെ ഒരു മഞ്ഞുകാലം*

## 3.2515 മനുഷ്യനിന്നും. . . (മധുരാജ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മനുഷ്യനിന്നും ശിശുവാണവന്റെ
മനസ്സിനാൽ മർക്കടനിർവിശേഷൻ
ലക്ഷോപലക്ഷം ശതകം കഴിഞ്ഞോ
ലക്ഷ്യത്തെ നോക്കാനവനക്ഷി നേട്ടു

കവി : **ഉള്ളൂർ**

### 3.2516 ലാംഗ്ഗലവിക്ഷേപ. . . (രഘു സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ലാംഗ്ഗലവിക്ഷേപ വിസർപ്പിശോഭൈ–
രിതസ്തതശ്ചന്ദ്ര മരീചി ഗൗരൈഃ
യസ്യാർത്ഥയുക്തം ഗിരിരാജശബ്ദം
കുർവന്തി വാലവ്യജനശ്ചമര്യൈഃ

കവി : **കാളിദാസൻ**, കൃതി : *കുമാരസംഭവം*

### 3.2517 യുദ്ധായ ചെന്നു. . . (ശ്രീജിത്ത്)

വസന്തതിലകം

യുദ്ധായ ചെന്നു കടുകോപവശേന ബാണൻ
ബദ്ധാവലേപമനിരുദ്ധനമങ്ങടുത്താൻ
യുദ്ധേ ജവേന ഭുജഗാസ്ത്രബലേന ബാലം
ബദ്ധ്വാ നിശേഷമസുരേന്ദ്രനിമം ചകാര

കൃതി : *അരമനയിലെ അനിരുദ്ധൻ*

### 3.2518 യോഗിക്കിപ്പോൾ ചെറിയ . . . (കർത്താ)

മന്ദാക്രാന്ത

യോഗിക്കിപ്പോൾ ചെറിയ ബിസിനസ്സുണ്ടു, തോക്കിന്റെ മേക്കാ–
ണോർക്കുന്തോറും ചിരിവരു, മപർണാശ്രമക്കാരനല്ലോ!
ലാക്കോടെത്തും ചിലതു തിരയാനങ്ങു കസ്റ്റംസുകാരും;
നോക്കു, കാലക്കെട്ടതി, മഹിതേ! യോഗവിദ്യേ! നമസ്തേ!

കവി : **ഏവൂർ പരമേശ്വരൻ**, കൃതി : *കുട്ടിശ്ലോകങ്ങൾ*

### 3.2519 ലോകാനന്ധദയൻ, ശ്രുതിർമുഖരയൻ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ലോകാനന്ധദയൻ, ശ്രുതിർമുഖരയൻ, ശ്രോണീരുഹാൻ ഹർഷയൻ,
ശൈലാൻ വിക്രവയൻ, മൃഗാൻ വിവശയൻ, ഗോവൃന്ദമാനന്ദയൻ,
ഗോപാൻ സംഭ്രമയൻ, മുനീൻ മുകുളയൻ, സപ്തസ്വരാൻ ജൃംഭയ,–
ന്നോങ്കാരാർത്ഥമുദീരയൻ വിജയതേ വംശീനിനാദഃ ശിശോഃ

കവി : **ലീലാശുകൻ**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

### 3.2520 ഗുണം പെടും കേരളസേന. . . (മധുരാജ്)

ഉപേന്ദ്രവജ്ര

ഗുണം പെടും കേരളസേന നാരാ–
യണൻ ശയിക്കുന്നൊരനന്തപുരിൽ
പിണങ്ങിമണ്ടി പ്രിയശയ്യ വീണ്ടു–
മണഞ്ഞിടും താർമകൾപോൽ വരുന്നു

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.2521 പാലോട്ട തുല്യരുചി,. . . (ഉമേഷ്)

വസന്തതിലകം

പാലോട്ട തുല്യരുചി, മൗലിയിലുല്ലസിക്കും
ബാലേന്ദുമന്ദമൃദുലസ്മിതവെണ്ണിലാവ്
കോലിന്റെ പൂർണ്ണകരുണാകുലദൃഷ്ടി വാചാ–
മൂലം തെളിഞ്ഞു മമ ചേതസി തോന്റേവേണ്ടും.

കൃതി : *ലീലാതിലകം*

## 3.2522 കാളക്ക കാണമൊരു. . . (ശ്രീജിത്ത്)

വസന്തതിലകം

കാളയ്ക്ക കാണമൊരു തോള, കരിമ്പനയ്ക്ക
കാളും കുറുമ്പു കളയുന്നടൽ, മാർ വിരിഞ്ഞ്
നീളത്തിലൂക്കുടയകൈകളുമായ് പടയ്ക്ക
കേളിപ്പെടും പടി വിളഞ്ഞുവിളങ്ങി കോമൻ

കവി : **കണ്ടൂർ നാരായണ മേനോൻ**, കൃതി : *നാലു ഭാഷാ കാവ്യങ്ങൾ*

## 3.2523 നോക്കിൽ ധന്യർ കവീന്ദ്രർ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നോക്കിൽ ധന്യർ കവീന്ദ്രർ – ഭാരതി പദം പെട്ടെന്നു മുന്നോട്ട വെ–
ച്ചുക്കിൽ രൂക്ഷപഥത്തിലെന്നതു കണക്കോട്ടന്ന നാക്കുള്ളവർ;
വാക്കിൻ ദേവി കുനിഞ്ഞു മന്ദഗതിയായിട്ടെൻ രസം വാച്ചിടും
നാക്കിൽ പീനകുചങ്ങളുള്ള യുവതിക്കൊപ്പം നടക്കുന്നിതേ

കവി : **ഉമേഷ് നായർ**, കൃതി: (പരിഭാഷ)

## 3.2524 വെണ്മുത്തിനും മരതകത്തിനും. . . (വിശ്വപ്രഭ)

വസന്തതിലകം

വെണ്മുത്തിനും മരതകത്തിനുമാർത്തി നൽകും
പൊൻമേനി രണ്ടുമൊരുമിച്ചു ചമഞ്ഞു നന്നായ്
നിർമായമേവ ഹൃദയത്തിലുദിപ്പതിന്നും
ജന്മാന്തരേ സുകൃതമുള്ളൊരു ജീവനോവാൻ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.2525 നാവില്ലാതെ ജനിക്കയോ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നാവില്ലാതെ ജനിക്കയോ നടനടേയുള്ളോരിളയ്ക്കാകയോ
നാമത്തെപ്പറിയായ്കയോ നരകമെന്നോർത്താൽ കുളർപ്പാകയോ
നാവിൽ ദുർഘടമാകയോ നരകുലത്തിൽ ജന്മമല്ലാകയോ
നാമോച്ചാരണമെന്തു ബന്ധമറിവുള്ളോരും ത്യജിച്ചീടുവാൻ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണാമൃതം*

## 3.2526 ന ശക്നോമി കർത്തും. . . (വിശ്വപ്രഭ)

ഭുജംഗപ്രയാതം

ന ശക്നോമി കർത്തും പരദ്രോഹലേശം
കഥം പ്രീയസേ ത്വം ന ജാനേ ഗിരീശ!
തഥാ ഹി പ്രസന്നോസി കസ്യാപി കാന്താ
സുതദ്രോഹിണോ വാ പിതൃദ്രോഹിണോ വാ!

കവി : **ശങ്കരാചാര്യർ**, കൃതി : *ശിവഭുജംഗം*

## 3.2527 തണ്ണീർദ്ദാഹം മുഴുത്തു. . . (കർത്താ)

സ്രഗ്ദ്ധര

തണ്ണീർദ്ദാഹം മുഴുത്തു തടിയനരികെ വന്നന്തകൻ താനരത്തും
കണ്ണീർക്കാരായടുത്തുള്ളവർ തൊഴിയുമൊഴിയ്ക്കാതെയൊന്നിച്ച പാർത്തും
തന്നെത്താനേ മറന്നിട്ടതിവിവശത പൂണ്ടാർത്തനായ് വീർത്തുമക്കോ–
പ്പെന്നെക്കൊണ്ടാക്കിവച്ചീടൊല വരദവിഭോ! വാമഗേഹാധിവാസിൻ.

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.2528 തന്നെ സ്നേഹമിയന്നവർക്കു. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

തന്നെ സ്നേഹമിയന്നവർക്കു നിമിഷം ദ്വേഷിച്ചവർക്കും ബലാൽ
തന്നെപ്പോലെ ചമഞ്ഞവർക്കുമരുളീ കൈവല്യമല്ലേ വിഭോ!
തന്നെത്താനറിയാഞ്ഞു ഖിന്നമതിയായ് നിന്നോടിരന്നീടിനോ–
രെന്നെക്കാണവശം കൃപാലയ! ജയ! ശ്രീവാമഗേഹാലയ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.2529 തിന്നാനെന്തിതിറച്ചിയോ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

“തിന്നാനെന്തിതിറച്ചിയോ വരമുനേ?” – “കള്ളില്ലയെന്നാലതി–
ന്നെന്തി?”; “നിന്നു കുടിക്കുമോ?” – “കുടി ഹരം താനാണ, പെണ്ണുങ്ങളും”;
“പെണ്ണുങ്ങൾക്കു കൊടുപ്പതിന്നു പണമോ?” – “ചൂതാട്ടവും കക്കലും”;
“നിന്നെക്കൊണ്ടിവ പറ്റുമോ?” – ***“മുറ മുടിഞ്ഞോനെന്തു വേറേ ഗതി?”***

കവി : **ഉമേഷ് നായർ / കാളിദാസൻ**

## 3.2530 പീലിപ്പൂമുടിയും കരേ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പീലിപ്പൂമുടിയും കരേ മുരളിയും വാമേതരേ വെണ്ണയും
പാലഞ്ചും മൃദുമന്ദഹാസരുചിയും നൽപീതവസ്ത്രങ്ങളും
ചൂടിക്കൊണ്ടു ധരിത്രി തൻ വ്യസനമൊന്നാകെശ്ശമിപ്പിച്ച നി–
ന്നാടിക്കാർമുകിൽമേനികണ്ടുണരുകിൽ ധന്യം പരം ജീവിതം

കവി : **പ്രൊഫ. പി. എം. ജി. നമ്പീശൻ**, കൃതി : *കൃഷ്ണസ്തുതി*

### 3.2531 ചിന്താശതക്ഷുഭിതയാം. . . (രഘു സി. വി.)

വസന്തതിലകം

ചിന്താശതക്ഷുഭിതയാം ബലിസൂനു ഭാഗ്യ–
സന്താനവല്ലി സചിവോത്തമനോടിദാനീം
എന്താണെടുത്തു പറവാൻ തുടരുന്നതെന്നു
ഹന്താളിമാരലമുഴറ്റൊട്ടു നോക്കിനിൽപ്പായ്

കവി : **വള്ളത്തോൾ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

### 3.2532 എന്നെക്കെട്ടിയ സംസൃതിക്കയർ. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

എന്നെക്കെട്ടിയ സംസൃതിക്കയററുത്തീടാൻ ശ്രമിക്കായ്കയ–
ല്ലന്നന്നല്പവിരാഗദുർബ്ബലചലച്ചിത്തക്കറിക്കത്തിയാൽ
നന്നത്യാഗ്രഹ, മഷ്ടയോഗനിയമദ്ധ്യാനത്തിലൂട്ടിത്തപഃ–
ഖിന്നോദാരകൃപാണമൊന്നു പണിയാറാക്കേണമേ ദൈവമേ!

കവി : **വി.കേ.ജി.**, കൃതി : *അവിൽപ്പൊതി*

### 3.2533 നീരാടിക്കാലവർഷാംബുവിൽ. . . (ശ്രീജിത്ത്)

സ്രഗ്ദ്ധര

നീരാടിക്കാലവർഷാംബുവിലമലകലാനാഥസമ്പൂർണബിംബ–
സ്മേരാസ്യം പൂണ്ട നീലാംബരരുചിതടവിത്താരകാഹാരമേന്തി
പേരാളും കേരളത്തിൽ പ്രകൃതിസുഭഗമീ ചിങ്ങമാസത്തിലോണ–
ത്താരാർമാതുല്ലസിപ്പൂ ജനഗണഹൃദയോത്താളതാളാനുകൂലം

### 3.2534 പ്രാണാധീശാന്തികത്തേയ്ക്ക്. . . (ഉമേഷ്)

സ്രഗ്ദ്ധര

പ്രാണാധീശാന്തികത്തേയ്ക്കതിദ്രുതിയിൽ നടന്നീടവേ പോർമുലപ്പൊൻ–
പൂണാരം പൊട്ടിവീണും, കുനുകുഴലിലെഴും കൽപകപ്പൂ കൊഴിഞ്ഞും,
ചേണാളും കാതിലെപ്പൊന്നലർ, തളിരിവയോടൊത്തു വെണ്മുത്തുതിർന്നും
കാണാം കാലത്തു രാവിൽക്കമനികളവിടെസ്സഞ്ചരിക്കുന്ന മാർഗ്ഗം.

കവി : **ജി. ശങ്കരക്കുറുപ്പ്/കാളിദാസൻ**, കൃതി : *മേഘദൂതം പരിഭാഷ*

### 3.2535 ചാലെക്കാണായ നീലക്കുതിര. . . (കർത്താ)

സ്രഗ്ദ്ധര

ചാലെക്കാണായ നീലക്കുതിര വിരുതനാം കേശി നാശം വരുത്താൻ
നീലക്കാർവർണ്ണ! നിന്നോടരിശമൊടുമുതിർന്നൊന്നു നേരിട്ടു പാഞ്ഞാൻ
ബാലക്കൈ വായിലാക്കീട്ടരിമരനിമിഷം കൊണ്ടു കൊന്നാൻ, ത്രിലോകേ
മാലാകെത്തീർത്തു മായാവിയെ മയസുതനെക്കൊന്നതും കൈതൊഴുന്നേൻ.

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണാമൃതം*

### 3.2536 ബാലന്മാർക്കു വിനോദമായ്. . . (ജ്യോഷി)

ശാർദ്ദൂലവിക്രീഡിതം

ബാലന്മാർക്കു വിനോദമായ്, യുവജനശ്രേണിക്കൊരുത്സാഹമായ്
ചാലേ പ്രൗഢതതിയ്ക്കു വാശിയധികം തങ്കുന്ന നർമ്മാങ്കമായ്
കാലത്തിൽ ചുളിവാർന്ന വൃദ്ധവദനം ശ്രീയാളിടും മേളമായ്,
വേലാതീത വിലാസിനീ, ജയതു നീ ശ്രീയക്ഷരശ്ലോകമേ!

കവി : **എം. എസ്. കുമാരൻ നായർ**, കൃതി : *കൈരളിയുടെ ഓടക്കുഴൽ*

## 3.2537 കൈലാസ ശൈലേ. . . (രഘു സി. വി.)

ഇന്ദ്രവജ്ര

കൈലാസ ശൈലേ കനകാഭിഷേകം
കഴിച്ചു നിന്നീടിന കർമ്മസാക്ഷി
കാണാവതല്ലിത്തൊഴിലെന്നകാണ്ഡേ
കാർകൊണ്ടലിൻ മൂടലിലായ് മുഹൂർത്തം.

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

## 3.2538 കന്നാലിക്കല്യവാസമം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

കന്നാലിക്കല്യവാസമം, മടൽ ശരിപ്പൂട്ടാണകുഞ്ഞാകെ,യ–
ന്നൊന്നൊം ക്ലാസ് ബിരിയാണിയാണ ചകിണിക്കൂട്ടം, പഴത്തീട്ടകിൽ
നന്നാണാച്ചുളതിന്നുവാൻ, കുരുകറിയ്ക്കാകാം, മുളഞ്ഞോപശ,–
യ്യൊന്നും കൊള്ളരുതാത്തതില്ല, രസികൻ, ചക്കേ, വരിക്കേ സലാം!

കവി : **ഡി. വി. മണയത്താറ്റ്, രാമമംഗലം**, കൃതി : *ചക്കേ സലാം*

## 3.2539 നാട്ടാരെല്ലാം വിഷൂചീ. . . (ശ്രീജിത്ത്)

സ്രഗ്ദ്ധര

നാട്ടാരെല്ലാം വിഷൂചീലഹളയിലുതിരും കാല, മദ്ദീനമായ്ത്തൻ
കൂട്ടാളയ്യോ കഴിഞ്ഞീടിന കഥ, വലുതായുള്ള വർഷാനിശീഥം,
കേട്ടാലാരും ഭയംകൊണ്ടിളകിമറിയുമീ വേളയിൽക്കഷ്ടമായാൾ
നീട്ടാനുംകൂടിവയ്യാതെരിയുമൊരു വിളക്കിന്റെ നേരിട്ടിരുന്നു

കവി : **വി. സി. ബാലകൃഷ്ണപണിക്കർ**, കൃതി : *ഒരു വിലാപം*

## 3.2540 കൊട്ടത്തേങ്ങാഭിരപ്പൈഃ. . . (കർത്താ)

സ്രഗ്ദ്ധര

കൊട്ടത്തേങ്ങാഭിരപ്പൈരവിൽ വിതറിയതൈഃ നന്മലർഭിഃ പഴാദ്യൈ-
രെട്ടൊംപ്പൈഃ പകചക്കാമുറിഭിരപി പെരുമ്പ്രീതനായ് പ്രാതലുണ്ട്വാ
കുട്ടിക്കമ്പാം തുളുമ്പ്യൻ തെളിവിനൊടു യദാ വിഘ്നമുണ്ടാവ്യതേക–
ണ്ണിട്വാപ്പോൾക്കാക്കയിത്വാതരതു മമ മഹാമാനമൊ, ന്നാനമോന്തഃ

കവി : **ശീവൊള്ളി**, കൃതി : *ദുസ്പർശാനാടകം*

## 3.2541 കരാളദോർദ്ധൃത. . . (മധുരാജ്)

അതിരുചിര

കരാളദോർദ്ധൃതകരവാളകേ, മനോ–
ഹരാളകേ, മമ നൃപവംശപാലകേ,
ഒരാളുമില്ലൊരുതുണ ഹേ കൃപാസരോ–
മരാളികേ കനിയുക ഭദ്രകാളികേ!

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

### 3.2542 ഒറ്റക്കാൽ പിറകുന്നി. . . (ശ്രീജിത്ത്)

ശാർദ്ദൂലവിക്രീഡിതം

ഒറ്റക്കാൽ പിറകുന്നി, യൂർമ്മികകളാൽ മിന്നും വലംകയ്യതിൽ–
ച്ചെറ്റമ്മുത്യുകയേന്തി വാക്യമെഴുതിക്കാണിച്ചുനിൽക്കുന്നതും,
അറ്റം തെല്ല ചുരുട്ടിയായിടതുകൈ പിൻ ചേർത്തു വിശ്രാന്തനായ്
കറ്റക്കാർശിഖ പിൻപൊതുക്കി മറുകൈത്താർ വീശി ലാത്തുന്നതും

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

### 3.2543 അക്കൊമ്പു ചെമ്മണ്ണടിയിൽ. . . (രഘു സി. വി.)

ഇന്ദ്രവജ്ര

അക്കൊമ്പു ചെമ്മണ്ണടിയിൽ കിളിർന്ന
കൈലാസശൃംഗങ്ങളിലൊന്നിനൊപ്പം
കടയ്ക്കു രക്താംഗിതമായി വീഴ്കേ
ബ്രഹ്മാണ്ഡമൊട്ടുക്കൊരു ഞെട്ടൽ ഞെട്ടി.

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

### 3.2544 കരയാ, തൊരു നാളിനിയും. . . (സിദ്ധാർത്ഥൻ)

തോടകം

കരയാ, തൊരു നാളിനിയും വരുമീ
നിരയാർന്നൊരു വേദനകൾക്കൊടുവിൽ
വിരഹാതുരയാം സഖി! നിൻ നിലയാ
കരുണാമയനെക്കരയിച്ചിടുമേ

കവി : **സിദ്ധാർത്ഥൻ**

### 3.2545 വാളേ തെളിഞ്ഞിടുക. . . (രവി)

വസന്തതിലകം

വാളേ തെളിഞ്ഞിടുക നിൻപണി തീർന്നതില്ല
നാളേക്ക നീട്ടിടുക നിന്റെയുറക്കമെല്ലാം
ആളെറെയുണ്ടിത പടക്കുവരുന്നു, തേൻചൊ–
ല്ലാളേ നിനക്കിനിയുമിന്നൊരു കാഴ്ച കാണാം.

കവി : **കുണ്ടൂർ നാരായണ മേനോൻ**

### 3.2546 ആലക്ഷ്യ ദന്തമുകുളാൻ. . . (ഉമേഷ്)

വസന്തതിലകം

ആലക്ഷ്യ ദന്തമുകുളാനനിമിത്തഹാസൈ–
രവ്യക്തവർണ്ണരമണീയവചഃപ്രവൃത്തീൻ
അങ്കാശ്രയപ്രണയിനസ്തനയാൻ വഹന്തേ
ധന്യാസ്തദംഗരജസാ മലിനീഭവന്തി

കവി : **കാളിദാസൻ**, കൃതി : *ശാകുന്തളം*

### 3.2547 അതുലദ്യുതി നിൻ. . . (ഉമ)

വസന്തമാലിക

അതുലദ്യുതി നിൻ മണൽപ്പുറം ഹാ–
ചതുരം ശാരഭവാനിനോടെതിർപ്പാൻ
ഇതു കൺകളിരെത്ര നൽകിടുന്നു
പുതു കർപ്പൂര സമുച്ചയം കണക്കേ

കവി : **വള്ളത്തോൾ**, കൃതി : *ഭാരതപ്പുഴ*

### 3.2548 ഇന്നെന്തോ കവിതാംഗനയ്ക്കൊരു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഇന്നെന്തോ കവിതാംഗനയ്ക്കൊരുതരം ശാഠ്യം പലമട്ടിലായ്,
പ്രീണിപ്പിക്കിലുമെന്നൊടൊത്തവൾ രമിച്ചീടാൻ മടിച്ചീടവേ,
നിന്നേൻ ഞാനമകന്നു തെല്ലു ചെറുതാം കോപം നടിച്ചും, മുഖം
വീർപ്പിച്ചും, സ്ഥിതിമാറിയില്ല, സുഖമല്ലല്ലോ ബലാൽക്കാരവും

കവി : **കെ. പി. പ്രഭാകരമേനോൻ, തിരുവനന്തപുരം**, കൃതി : *പിണക്കം*

### 3.2549 നാഭീബിലാന്തര. . . (ഉമേഷ്)

വസന്തതിലകം

നാഭീബിലാന്തരവിനിർഗ്ഗിതപന്നഗീയം
സമ്പ്രസ്ഥിതാ നയനഖഞ്ജനഭക്ഷണായ
നാസാമുദീക്ഷ്യ ഗരുഡഭ്രമമുദ്വഹന്തീ
ഗുപ്തേവ പീനകുചപർവ്വതയോരധസ്താത്

### 3.2550 നേന്ത്രപ്പഴക്കുലകൾ. . . (ഋഷി)

വസന്തതിലകം

നേന്ത്രപ്പഴക്കുലകൾ മാമ്പഴമെന്നുവേണ്ട
പൂന്തിണ്ണതന്നിലണയാത്ത പഴങ്ങളില്ലാ
ഉണ്ടായിരുന്നു മയിലും കുയിലും പിറാവു–
മുണ്ടായിരുന്നു മലപോലൊരു സഹ്യപുത്രൻ

കവി : **വൈക്കം വിശ്വനാഥൻ നായർ**, കൃതി : *തറവാട്*

### 3.2551 ഉരഗശയനനായ്. . . (മധുരാജ്)

പുഷ്പിതാഗ്ര

ഉരഗശയനനായ് ജഗന്മലത്തെ–
പ്പുരമൊഴിവാക്കിടുമങ്ങതിന്നുതന്നെ
ഉരഗയുതമലച്ചുവട്ടിലാശാ–
ഭരമലമാർന്നൊരു കൂർമ്മമായതില്ലേ?

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

### 3.2552 ഉണ്ടായീ കേരളത്തിൽ. . . (കർത്താ)

സ്രഗ്ദ്ധര

ഉണ്ടായീ കേരളത്തിൽപ്പുകൾപെരിയ ചെറുപ്പള്ളശേരിപ്രദേശേ
തണ്ടാർബാണന്നു വേണ്ടും തരുണജനജയത്തിന്നൊരമ്പെന്നപോലെ
വണ്ടാർപൂഞ്ചായലാളാം വരതനു രുചിരാപാംഗി പാട്ടുണ്ണിനാമ്നാ
രണ്ടാംതണ്ടാരിൽ മാതെന്നൊരു നിനവുളവാം കാണുകിൽക്കാമുകാനാം.

കൃതി : *പാട്ടുണ്ണി ചരിതം*

### 3.2553 വാത്സല്യം കളിയാടിടും. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

വാത്സല്യം കളിയാടിടും ഭവതി തൻ വക്ത്രാരവിന്ദത്തിലോ
വാണീ കന്നിനിലാവുതന്നഴകെഴും നിൻ മന്ദഹാസത്തിലോ
പാപം നീക്കിയനുഗ്രഹങ്ങളരുളും ഹസ്തത്തിലോ ചെന്തളിർ–
പ്പാദം കൂപ്പിടുമെൻ തമസ്സിനെയകേറ്റേകുന്ന വിദ്യാധനം?

കവി : **പ്രൊഫ. പി. എം. ജി. നമ്പീശൻ, കൊൽക്കത്ത**, കൃതി : *സരസ്വതീ വന്ദനം (മുക്തകം)*

### 3.2554 പ്രീതം ഗാഢനിവീതപീത. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പ്രീതം ഗാഢനിവീതപീതവസനവ്യാസംഗികാഞ്ചീകലാ–
പാദീപ്രാപ്രപദീനനീവിനിഭൃതാപീനോരുമാരാസ്ഥമഃ
ആസീദൽസനകാദ്യതം പദയുഗോപാസീനധാത്രീരമാ–
ദാസീചാരിതചാമരം വയമിമേ ത്വാം സംഗമാധീശ്വര!

കവി : **ഉണ്ണായി വാര്യർ**, കൃതി : *രാമപഞ്ചശതി*

### 3.2555 അധികേരളമഗ്ര്യഗിരഃ. . . (ഉമേഷ്)

തോടകം

അധികേരളമഗ്ര്യഗിരഃ കവയഃ
കവയന്തു വയം തു ന താൻ വിനുമഃ
പുളകോദ്ഗമകാരി വചഃപ്രസരം
പുനമേവ പുനഃ പുനരാസ്മഹേ

കവി : **ഉദ്ദണ്ഡശാസ്ത്രികൾ**

### 3.2556 പരിണതരുചി പൂണ്ട. . . (മധുരാജ്)

പുഷ്പിതാഗ്ര

പരിണതരുചി പൂണ്ടനന്തതൽപോ–
പരി വിധു ശാരദപർവരാത്രിയിൽപ്പോൽ
പരിചൊടു ഫണരത്നതാരജാലം
പരിസരമാർന്നു പരം ലസിച്ചിരുന്നു

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

### 3.2557 പുല്ലാണെനിക്കു പടയാളികൾ. . . (ശ്രീജിത്ത്)

വസന്തതിലകം

പുല്ലാണെനിക്കു പടയാളികൾ, നിൻ കടക്കൺ–
തല്ലാണു തേന്മൊഴി തടുത്തിടുവാൻ ഞെരുക്കം
തെല്ലാകയാൽ തെളിവിയന്നു ഉണയ്ക്കണം നീ;
അല്ലായ്കിലാങ്ങളകൾ തൻ പണി പെങ്ങൾ ചെയ്യും

കവി : **കണ്ടൂർ നാരായണ മേനോൻ** , കൃതി : *കോമപ്പൻ*

## 3.2558 തസ്മിൻ മഘോനസ്ത്രിദശാൻ. . . (ഉമേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

തസ്മിൻ മഘോനസ്ത്രിദശാൻ വിഹായ
സഹസ്രമക്ഷ്ണാം യുഗപത് പപാത
പ്രയോജനാപേക്ഷിതയാ പ്രഭൂണാം
പ്രായശ്ചലം ഗൗരവമാശ്രിതേഷു

കവി : **കാളിദാസൻ**, കൃതി : *കുമാരസംഭവം*

## 3.2559 പീലിക്കണ്ണിമയിൽ സ്ഫുരിപ്പതു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പീലിക്കണ്ണിമയിൽ സ്ഫുരിപ്പതു സുഖക്കാർ വില്ലണിഞ്ഞുമയ,–
ല്ലാധിക്കുരിശുൾ കട്ടചേർത്ത കരിമേഘത്തിൻ മഴക്കോളുതാൻ;
ഭാസിക്കുന്നതു ചുണ്ടിൽ മോദമയമായീടും പ്രസൂനങ്ങള–
ല്ലാകെക്കൂർത്തുപരുത്ത മുള്ളുകൾ; നിനക്കെന്തീ വിഷാദം പ്രിയേ?

കവി : **ഡി. ശ്രീമാൻ നമ്പൂതിരി**

## 3.2560 ഭാഷാവാദം, മതപ്പോർവിനകൾ,. . . (ഋഷി)

സ്രഗ്ദ്ധര

ഭാഷാവാദം, മതപ്പോർവിനകൾ, ജനമനസ്സെന്നുമസ്വസ്ഥ,മേറ്റം
ദ്വേഷാഖേടങ്ങൾ, നാടൊക്കെയുമടവു പയറ്റുന്ന രാഷ്ട്രീയയുദ്ധം,
പോഷാഹാരങ്ങളാണീ വകകളിവിടെയിന്നാത്മശാന്ത്യൗഷധം, സ–
ന്തോഷാർത്ഥം സജ്ജനൈക്യപ്പിറവിയരുളുമൊന്നായതയ്യപ്പനാമം

കവി : **ചെങ്ങമനാട് ദാമോദരൻ നമ്പ്യാർ**, കൃതി : *സ്വാമിയേ ശരണം*

## 3.2561 പ്രസന്നദിക് പാംസു. . . (രഘു സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പ്രസന്നദിക് പാംസുവിമുക്തവാതം
ശംഖസ്വനാനന്തരപുഷ്പവൃഷ്ടി
ശരീരിണാം സ്ഥാവരജംഗമാനാം
സുഖായ തജ്ജന്മദിനം ബഭൂവ

കവി : **കാളിദാസൻ**, കൃതി : *കുമാരസംഭവം*

## 3.2562 ശ്രേയഃ സ്രുതിം ഭക്തിം. . . (ജ്യോതി)

ഇന്ദ്രവംശ

ശ്രേയഃ സ്രുതിം ഭക്തിമുദസ്യ തേ വിഭോ!
ക്ലിശ്യന്തി യേ കേവലബോധലബ്ധയേ
തേഷാമസൗ ക്ലേശല ഏവ ശിഷ്യതേ
നാന്യദ്യഥാ സ്ഥൂലതുഷാവഘാതിനാം

കവി : **വ്യാസൻ**, കൃതി : *ഭാഗവതം*

## 3.2563 തസ്മിന്നദ്രൗ കതിചിദബലാ. . . (ഉമാ ശാന്ത)

മന്ദാക്രാന്ത

തസ്മിന്നദ്രൗ കതിചിദബലാവിപ്രയുക്തഃ സ കാമീ
നീത്വാ മാസാൻ കനകവലയഭ്രംശരിക്തപ്രകോഷ്ഠഃ
ആഷാഢസ്യ പ്രഥമദിവസേ മേഘമാശ്ലിഷ്ടസാനും
വപ്രക്രീഡാപരിണതഗജപ്രേക്ഷണീയം ദദർശ

കവി : **കാളിദാസൻ**, കൃതി : *മേഘസന്ദേശം*

## 3.2564 ആരോമൽച്ചണ്ഡി, നിൻ മെയ്. . . (ശ്രീകാന്ത്)

സ്രഗ്ദ്ധര

ആരോമൽച്ചണ്ഡി, നിൻ മെയ് ചില ലതികകളിൽ, ഭ്രൂവിലാസങ്ങളാറ്റിൻ–
നീരോളത്തിന്നനക്കങ്ങളിൽ, നിറ മയിലിൻ പീലിയിൽ കേശപാശം,
വാരോലും നിൻ കടാക്ഷം ചകിത ഹരിണിയിൽ, തിങ്കളിൽ ഗണ്ഡ, മീ മ–
ട്ടോരൊന്നുണ്ടങ്ങുമിങ്ങും, ബത സകലമിണങ്ങുന്നതൊന്നില്ല കാണ്മാൻ

കവി : **ജി. ശങ്കരക്കുറുപ്പ് / കാളിദാസൻ**, കൃതി : *മേഘസന്ദേശം പരിഭാഷ*

## 3.2565 വാളായ് തൂലികയേന്തിവന്നു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

വാളായ് തൂലികയേന്തിവന്നു വയലാർ ഗർജ്ജിച്ചിട്ടുമ്പോൾ, വച–
സ്സോളം തള്ളിവരുന്ന ഗാനമുണരും പൊൻവീണ മീട്ടുമ്പൊഴും,
ഓമൽപ്പിഞ്ചരികനീർത്തി നർത്തനമുതിർത്തീടും മയൂരോപമം
നീ മന്ദസ്മിതലാസ്യയായി നടനം ചെയ്യുന്നിതെന്നുള്ളിലും

കവി : **പി. പി. പട്ടശ്ശേരി**, കൃതി : *കാവ്യപൂജ*

## 3.2566 ഓരോ ജീവകണത്തിനുള്ളിലും. . . (ശ്രീജിത്ത്)

ശാർദ്ദൂലവിക്രീഡിതം

ഓരോ ജീവകണത്തിനുള്ളിലുമുണർന്നുദ്ദീപ്തമായ്, ധർമ്മസം–
സ്കാരോപാസനശക്തിയായ്, ചിരതപസ്സങ്കൽപ്പസങ്കേതമായ്,
ഓരോ മാസ്മരലോകമുണ്ടതിലെനിക്കെന്നന്തരാത്മാവിനെ–
ത്തേരോടിക്കണമെന്റെകാവ്യകലയെക്കൊണ്ടാകുവോളം വരെ!

കവി : **വയലാർ രാമവർമ്മ**, കൃതി : *സർഗ്ഗസംഗീതം*

## 3.2567 ഓരാത്തപേക്ഷയിതു. . . (രഘു സി. വി.)

വസന്തതിലകം

ഓരാത്തപേക്ഷയിതുകേട്ടളവുൾത്തടത്തി–
ലാ രാജകീയപുരുഷന്നൊരു മിന്നൽ പാഞ്ഞു.
ചേരാത്തൊഴിൽക്കു നൃപദണ്ഡിതനാം യുവാവായ്–
ച്ചേരാൻ സ്വയം വിടുകയോ നൃപപുത്രിയാളെ?

കവി : **വള്ളത്തോൾ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

## 3.2568 ചെമ്പിച്ചഗ്രം ചുവന്നുള്ളൊരു. . . (ശ്രീജിത്ത്)

സ്രഗ്ദ്ധര

ചെമ്പിച്ചഗ്രം ചുവന്നുള്ളൊരു കചഭരവും, ചെമ്പരത്തിപ്രസൂനം
കുമ്പിട്ടീടുന്ന കണ്ണും, കലുഷത കലരും കയ്യിലക്കാലദണ്ഡും,
വമ്പിച്ചീടുന്ന നാസാപുടവു, മുടലു, മദംഷ്ട്രയെന്നല്ല, മീശ–
ക്കൊമ്പും, ഗംഭീരസിംഹധ്വനിയൊടുമധികം വങ്കരാം കിങ്കരന്മാർ

കവി : **വെണ്മണി**

## 3.2569 വീരാഗ്ര്യനും ഭുവി. . . (രഘു സി. വി.)

വസന്തതിലകം

വീരാഗ്ര്യനും ഭുവി കുലീനനുമാണു താനെ–
ന്നാ രാജമാന്യചരിതൻ തെളിയിച്ചുവല്ലോ.
നാരായണാത്മജസുതന്നൊരു ദാസിയായി–
ത്തീരാനമേതു നൃപകന്യ കൊതിയ്ക്കയില്ല?

കവി : **വള്ളത്തോൾ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

## 3.2570 നില്ലാഞ്ഞ കോപഭരം. . . (ശ്രീജിത്ത്)

വസന്തതിലകം

നില്ലാഞ്ഞ കോപഭരമൊന്നൊഴിയട്ടെയച്ചെ–
ന്നെല്ലാം യഥേഷ്ടമറിയിച്ചു ശരിപ്പെടുത്താം
തെല്ലാശ്വസിക്ക തവസത്സഖിചിത്രലേഖേ,
വല്ലായ്മ കൂടിടരുതെന്നെഴുന്നേറ്റു വൃദ്ധൻ

കവി : **വള്ളത്തോൾ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

## 3.2571 തരുണിയുടെ ബലം. . . (ഹരി സി. വി.)

അപരവക്ത്രം

തരുണിയുടെ ബലം വിശുദ്ധി, വേ–
റൊരു പൊരുളല്ലബലയ്ക്കതേ ബലം,
പരമതിനിഹ ഭംഗമേകുവാൻ
കരുതിയൊരെൻ വിധിയെത്ര ഘോരനാം !

കവി : **കുമാരനാശാൻ**, കൃതി : *ലീല*

## 3.2572 പ്രിയ രാഘവ. . . (ജീവി)

വിയോഗിനി

പ്രിയ രാഘവ! വന്ദനം ഭവാ–
നയരുന്നു ഭുജശാഖ വിട്ടു ഞാൻ
ഭയമറ്റു പറന്നുപോയിടാം
സ്വയമിദ്യോവിലൊരാശ്രയം വിനാ.

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

### 3.2573 ഭോഗീന്ദ്രഭോഗശയനം. . . (സുരേശൻ)

വസന്തതിലകം

ഭോഗീന്ദ്രഭോഗശയനം ഭുവനൈകനാഥം
യോഗീന്ദ്രമാനസസരോജവിഹാരിഹംസം
വാഗീശമുഖ്യവിബുധേന്ദ്രനതാംഘ്രിപദ്മം
വന്ദേ മഹാപുരുഷമംബുജനാഭമീശം.

### 3.2574 വാടിത്തളർന്ന പകലിൻ. . . (ജീവി)

വസന്തതിലകം

വാടിത്തളർന്ന പകലിൻ വളർമേനി താങ്ങാ–
നോടിക്കിതച്ച രജനീമണിയെത്തിടുമ്പോൾ,
മോടിക്കുചേർന്നപടി നീ മൃദുഹാസലേശ–
മോടിക്ഷമാംബികയെ നോക്കിരസിച്ചിടുന്നു!

കവി : **ചങ്ങമ്പുഴ**, കൃതി : *പ്രഥമതാരം (ഗീതാഞ്ജലി)*

### 3.2575 മുഷിഞ്ഞ വസ്ത്രാൽ. . . (മധുരാജ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മുഷിഞ്ഞ വസ്ത്രാൽ പൃഥുകം പിടിച്ച–
ങ്ങഴിച്ച ഭക്ഷിച്ചിതു വാസുദേവൻ
രണ്ടാമതും മുഷ്ടി പിടിച്ച നേരം
തണ്ടാരിൽമാതാശു കരം പിടിച്ചാൾ

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

### 3.2576 രവി പോയി മറഞ്ഞതും. . . (സീമ)

വിയോഗിനി

രവി പോയി മറഞ്ഞതും സ്വയം
ഭുവനം ചന്ദ്രികയാൽ നിറഞ്ഞതും
അവനീശ്വരിയോർത്തതില്ല പോ–
ന്നവിടെത്താൻ തനിയേയിരിപ്പതും.

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

### 3.2577 അവികലവിമലാനുഭൂതി. . . (ജീവി)

പുഷ്പിതാഗ്ര

അവികലവിമലാനുഭൂതിയുൾക്കൊ–
ണ്ടവിരളകോമളഗാനധാരതൂകി,
ഛവിയിളകുമസീമകാവ്യപുഷ്പാ–
ടവിയി, ലയേ, കളകണ്ഠ, നീ ലസിപ്പൂ!

കവി : **ചങ്ങമ്പുഴ**, കൃതി : *സ്പന്ദിക്കുന്ന അസ്ഥിമാടം*

### 3.2578 ഛിദ്രംവിട്ടു ഗുണങ്ങൾ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഛിദ്രംവിട്ടു ഗുണങ്ങൾ തിങ്ങിവിലസും ശ്രീമൂലഭൂപാലകോ–
ന്നിദ്രശ്രീയുതഭാഗ്യവാൻ കടലിനെപ്പൊക്കാൻ ചൊരിയ്ക്കും സദാ
സദ്രക്ഷാനിപുണങ്ങളാം മൃദുകടാക്ഷത്തിൻ തരംഗങ്ങളാൽ
ഭദ്രം പാൽക്കടൽമേൽശയിച്ചപരിശോഭിയ്ക്കും കൃപത്തേൻകടൽ

കവി : **ആശാൻ**, കൃതി : *മംഗളാശംസ*

### 3.2579 സ്പഷ്ടം ന്ലാവങ്ങു. . . (ജീവി)

സ്രഗ്ദ്ധര

സ്പഷ്ടം ന്ലാവങ്ങു നീങ്ങീ ദിനകരനുദയം ചെയ്തു ചന്ദ്രൻ മറഞ്ഞു
തട്ടിത്തട്ടിപ്പെരുക്കിപ്പെരുവെളിയതിലാക്കീടുവാൻ പിന്നെയാട്ടേ,
കഷ്ടം ദീനം പിടിച്ചോ മദിരയതുകുടിച്ചോ കിടക്കുന്ന ലോകർ–
ക്കുത്തിഷ്ഠോത്തിഷ്ഠ ശീഘ്രം, നദിയിൽ മുഴുകുവാൻ കാലമായ് വന്നിതിപ്പോൾ

കവി : **ശ്രീനാരായണ ഗുരു**, കൃതി : *സുബ്രഹ്മണ്യ കീർത്തനം*

### 3.2580 ക്കൂട്ടാം ബസ്ച്ചാർജ്ജു, പക്ഷേ,. . . (ഋഷി)

സ്രഗ്ദ്ധര

ക്കൂട്ടാം ബസ്ച്ചാർജ്ജു, പക്ഷേ, യിളവുകൾ നിലനിർത്തീടണം, നിർത്തിടേണം
ചട്ടം ലംഘിച്ചു കുത്തിത്തിരുകിയമിതവേഗത്തിലിന്നുള്ളൊരോട്ടം;
ഓട്ടോറിക്ഷേലു മൂന്നിൽക്കവിയരുതിതികൽപിച്ചിട്ടും ചട്ടമേ, യീ
നാട്ടിൽബ്ബസ്സിന്നുമാത്രം പെരിയൊരിളവു നൽകുന്നതേറ്റം വിചിത്രം!

കവി : **രാജൻ മുള്ളൂർക്കര**, കൃതി : *ബസ് ചർജ് വർദ്ധന*

### 3.2581 ഒരാളെയായ് തൻ മടിയിൽ. . . (ഹരി സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഒരാളെയായ് തൻ മടിയിൽ കരേറ്റാൻ
കൈനീട്ടിയീ ഞങ്ങളെ മാറിമാറി
ശാഠ്യം പിടിപ്പിക്കുകയാണു തായ–
മാർക്കന്നു വാത്സല്യപരം വിനോദം

### 3.2582 ശരീരം കളത്രം സുതം. . . (മധുരാജ്)

ഭുജംഗപ്രയാതം

ശരീരം കളത്രം സുതം ബന്ധുവർഗ്ഗം
വയസ്യം ധനം സദ്മ ഭൃത്യം ധനം ച
സമസ്തം പരിത്യജ്യ ഹാ കഷ്ടമേകോ
ഗമിഷ്യാമി ദുഃഖേന ദൂരം കിലാഹം

കവി : **ശ്രീ ശങ്കരാചാര്യർ**, കൃതി : *വിഷ്ണുഭുജംഗാസ്തോത്രം*

### 3.2583 സത്യം ലംഘിച്ച സത്യാധിപതി. . . (സീമ)

സ്രഗ്ദ്ധര

സത്യം ലംഖിച്ച സത്യാധിപതി, യൊരു ശിരസ്സപ്പൊഴേ നഷ്ടമായ്, ത്തൻ–
കൃത്യം പാലിച മൃത്യുഞ്ജയനതുമുതലേ ബ്രഹ്മഹന്താവുമായി,
പ്രത്യക്ഷം തന്റെ കൃത്യപ്പിഴ മുരമഥനൻ മാറിലേ പേറിടുന്നൂ
നിത്യം, ലോകാധിപത്യം വിധിഹരഹരിമാർക്കല്ല, കർമ്മത്തിനത്രേ!

### 3.2584 പളുങ്കിൻ കുടം. . . (ജീവി)

ഭുജംഗപ്രയാതം

പളുങ്കിൻ കുടം പോലതീതാനുഭൂതി
പ്രപഞ്ചം തകർന്നും മിനുങ്ങുന്നു; പക്ഷെ

പ്രലുബ്ധാന്തരംഗത്തെയുന്തുന്ന വീണ്ടും
പ്രവൃത്തിപ്രവാഹം "മറക്കു മറക്കൂ"

കവി : **ബാലാമണിയമ്മ**, കൃതി : *മറക്കു മറക്കൂ*

## 3.2585 പിറന്നോരു നേരം പിതാക്കൾക്കു. . . (സീമ)

ഭുജംഗപ്രയാതം

പിറന്നോരു നേരം പിതാക്കൾക്കു നേത്രം
തുറപ്പിച്ചടപ്പിച്ച വിശ്വേശരൂപം
ഉറങ്ങും മിഴിക്കൺ തുറന്നൊന്നു കൺടാൽ
മറക്കാ മറക്കാതലിൻ ദിവ്യരൂപം.

## 3.2586 ഉത്തുംഗ കാന്തി കലരും. . . (ശ്രീകാന്ത്)

വസന്തതിലകം

ഉത്തുംഗ കാന്തി കലരും ശരറാന്തലൊന്നു
കത്തുന്ന നിന്ന കതിരോന്റെ പകർപ്പു പോലെ,
മെത്തുന്ന താപവുമമർഷവുമുൾത്തടത്തെ–
ക്കൊത്തുന്ന രണ്ടു പകയേറിന പാമ്പു പോലെ.

## 3.2587 മെയ് കാന്തിയാൽമിഴിതെളിഞ്ഞു. . . (ശ്രീജിത്ത്)

വസന്തതിലകം

മെയ് കാന്തിയാൽ മിഴിതെളിഞ്ഞു കുമാരിമാരെ–
യേകാൻ തുടങ്ങുകിലൊടുക്കമബദ്ധമാകും
ഭൂകാന്തരിൽ ഭുജപരാക്രമമാണുമുഖ്യം
ഹേ കാന്തവിഗ്രഹ, ഭവാനതറിഞ്ഞുകൂടേ?

കവി : **ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ**, കൃതി : *വിനോദിനി*

## 3.2588 ഭക്തന്മാരേ, ഭവാന്മാർ. . . (ഋഷി)

സ്രഗ്ദ്ധര

ഭക്തന്മാരേ, ഭവാന്മാർ പലവിധമുലകിൽച്ചെയ്തിട്ടും ദുഷ്കൃതത്താൽ
രക്തം ചിന്തുന്ന യുദ്ധക്കളമിഹയുയരാൻ പോരു,മെന്നാലുമാകാ
മുക്തിയ്ക്കായിപ്പൊഴോരോ തിരുനടകയറിച്ചെന്നു പാപങ്ങൾ പോക്കാൻ
ശക്തിയ്ക്കൊക്കും വിധം പിന്നതിനുമുപരിയായ് ചെയ്യുമർത്ഥാർപ്പണങ്ങൾ!

കവി : **സി. ഉണ്ണിക്കൃഷ്ണൻ, ഡൊംബിവിലി**, കൃതി : *കപടഭക്തർക്ക് (മുക്തകം)*

## 3.2589 മാലോകർക്കുമതിപ്രമോദമരുളും. . . (സീമ)

ശാർദ്ദൂലവിക്രീഡിതം

മാലോകർക്കുമതിപ്രമോദമരുളും ശ്രീമൻ മഹാഭാരതം,
ചേലോലും തദുപജ്ഞ്യമായി വിലസും ശാകുന്തളം നാടകം
ഈ ലോകോത്തരസൃഷ്ടി രണ്ടുമതുലം ചേലൊത്തവാലത്തിത–
ന്നാലോലാമലനീലനീരദമിഴിത്തുമ്പിന്റെ വൻപല്ലയോ!

## 3.2590 ഇക്കല്യഭർത്തൃമൊഴി. . . (രഘു സി. വി.)

വസന്തതിലകം

ഇക്കല്യഭർത്തൃമൊഴി കേട്ടെഴുനേറ്റുനിന്നു
നൽക്കഞ്ജമൊട്ടിനെതിരാം തൊഴുകയ്യുമായി
ഉൽക്കമ്പമാർന്ന കരളാവതുപോലുറപ്പി–
ച്ചക്കമ്രഭാഷിണി കനിഞ്ഞറിയിച്ചിതേവം.

കവി : **വള്ളത്തോൾ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

## 3.2591 ഊക്കീടെഴും നൃപ. . . (ശ്രീജിത്ത്)

വസന്തതിലകം

ഊക്കീടെഴും നൃപനെ നാമിഹ ബന്ധനസ്ഥ–
നാക്കീ പരന്ന നിജസൈന്യമിതാ പറന്നൂ
നോക്കീടുമീ വിജയലക്ഷ്മിയെയാദരിപ്പിൻ
താക്കീടുവിൻ പടഹമിപ്പട നമ്മൾ നേടീ

കവി : **ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ**, കൃതി : *വിനോദിനി*

## 3.2592 നീലാകാശത്തിലേറും. . . (സീമ)

സ്രഗ്ദ്ധര

നീലാകാശത്തിലേറും പറവകളമലം, മാരിവില്ലപ്രമേയം,
ബാലാദിത്യപ്രകാശം പ്രതിനവസുഖദം, വർഷമാകർഷണീയം,
ജാലം ലോലംബജാലം, മലരൊളിമധുരം, മാതൃസംശുദ്ധശിക്ഷാ–
ലോലം, ഹാ ബാല്യകാലം! മതിവരെ നുകരാൻ കാത്തുനിന്നീല കാലം!

കവി : **ശ്രീ കൈയ്യക്കിൽ ജാതവേദൻ**

## 3.2593 ജലേശ്വരൻ തന്നുടെ. . . (ഹരി സി. വി.)

വംശസ്ഥം

ജലേശ്വരൻ തന്നുടെ രാജധാനിയിൽ–
ബലത്തിനായ് തീർത്തൊരു കോട്ടതാനിതോ
അതിങ്കലീസന്ധ്യയുമർക്കമൂർത്തിയാൽ
പതിച്ചിടുന്നോ പുതുതാഴികക്കുടം

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *മലയവിലാസം*

## 3.2594 ആകാശത്തിലെയഭ്രപാളികളിൽ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ആകാശത്തിലെയഭ്രപാളികളിലൂടാമന്ദസഞ്ചാരിയായ്
പോകാനുത്സുകനാം ദിവാകരവിഭോ കാണുന്നതില്ലാ ഭവാൻ
ഏകാന്തത്തിൽ വിരിഞ്ഞു ലോകജനതയ്ക്കേറെസ്സുഗന്ധം കൊടു–
ത്താഘാതത്തിലടിഞ്ഞു മണ്ണിലലിയാൻ പോകുന്നിരിപ്പൂവിനെ

കവി : **പ്രൊഫ. പി. എം. ജി. നമ്പീശൻ, കൊൽക്കത്ത**, കൃതി : *സൂര്യനോട് (മുക്തകം)*

### 3.2595 ഏകാർദ്ധം വിശ്വദാഹദ്യുതിയെയും. . . (സീമ)

സ്രശ്ധര

ഏകാർദ്ധം വിശ്വദാഹദ്യുതിയെയു, മപരാർദ്ധം കൃപാശ്രുക്കളെയും
ഉൾക്കെ, ത്തമ്മിൽക്കലർന്നിട്ടവ ചിലുചിലനെച്ചീറിട്ടും ഫാലനേത്രം.
ഏകാന്തൈകസ്തനശ്രീപൂത്തമകുടമതിക്കീറഹിപ്പൂണന്നൂലി–
ത്യാകാരം പൂണ്ട ദേവൻ തരിക ശുഭമിവർക്കർദ്ധനാരീസ്വരൂപൻ!

### 3.2596 ഏകാന്തരൂഢമിഹ. . . (രഘു സി. വി.)

വസന്തതിലകം

ഏകാന്തരൂഢമിഹ നിന്നനഘാനരാഗം
സ്വീകാര്യകോടിയിലിരിപ്പതു തന്നെ, പക്ഷെ
ഹേ, കാര്യവേദിനി, യശോധനനാം നൃപന്ന
ലോകാപവാദമഖിലോപരി ഗണ്യമല്ലീ?

കവി : **വള്ളത്തോൾ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

### 3.2597 ഹർത്താലെന്നും നടത്താം. . . (ഋഷി)

സ്രശ്ധര

ഹർത്താലെന്നും നടത്താം, സുഖമൊട്ടു വഴിയോരത്തു കുന്തിച്ചിരിയ്ക്കാം
നിർത്താതന്യന്റെ ദോഷം പലവിധമുരചെയ്തങ്ങു പൊട്ടിച്ചിരിയ്ക്കാം
ഗാത്രം നന്നായ് വിയർക്കും പണികളൊരുവനും ചെയ്തിടേണ്ടന്യ നാട്ടിൽ–
പാർത്തീടുന്നോരയയ്ക്കും പണമനവധിയണ്ടെന്റെ നാടെത്ര കേമം!

കവി : **വൈരശ്ശേരി കെ. എം. നമ്പൂതിരി**, കൃതി : *കേരളം ഇന്ന്*

### 3.2598 ഗരുഡരഥഗളത്തിൽ. . . (മധുരാജ്)

പുഷ്പിതാഗ്ര

ഗരുഡരഥഗളത്തിലുല്ലസിക്കു–
ന്നൊരുതുളസീദളമാലയോടുരുമ്മി
പൊരുളുടയൊരു പേരിയന്ന മോദം
പെരുകിന ഗന്ധവഹൻ കളിച്ചിരുന്നു.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

### 3.2599 പൊട്ടശ്ശ്ലോകങ്ങൾ കെട്ടും. . . (ഋഷി)

സ്രശ്ധര

പൊട്ടശ്ശ്ലോകങ്ങൾ കെട്ടും കവികൾ തുലയുവാൻ തേങ്ങ ഭൂതേശനെന്നും
പൊട്ടിച്ചിട്ടെന്തുകാര്യം? പെരുകി വളരെയിക്കൂട്ടരീ നാട്ടിലിപ്പോൾ;
ദൃഷ്ടത്വം വാച്ചനേർച്ചക്കവികരിനിടിലം തച്ചുടയ്ക്കാൻ ഭവാനി–
ന്നൊട്ടും കുസാതിറങ്ങീടുക പുതുകവിതക്കാട്ടിൽ ഹര്യക്ഷവര്യ!

കവി : **എൻ. കെ. ദേശം**, കൃതി : *വെണ്മണിസ്മരണ*

### 3.2600 ദിവാപി നിഷ്യൂത. . . (രഘു സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ദിവാപി നിഷ്യൂതമരീചിഭാജാ
ബാലാദനാവിഷ്കൃത ലാഞ്ഛനേന
ചന്ദ്രേന നിത്യം പ്രതിഭിന്നമൗലേ–
ശ്ചൂഡാമണേ കിം ഗ്രഹണം ഹരസ്യ.

കവി : **കാളിദാസൻ**, കൃതി : *കുമാരസംഭവം*

## 3.2601 ചാരത്തു ചന്ദ്രനണവാൻ. . . (ഋഷി)

വസന്തതിലകം

ചാരത്തു ചന്ദ്രനണവാൻ പതിവിൽക്കുറച്ചു–
നേരം കവിഞ്ഞതു നിനച്ചു കയർത്തു പാരം
ദാരങ്ങളാം രജനിയാശു വലിച്ചെറിഞ്ഞ
ഹാരം തകർന്നു ചിതറുന്ന നഭസ്ഥലത്തിൽ

കവി : ജി., കൃതി : *സാഹിത്യകൗതുകം*

## 3.2602 ദിവ്യസ്തോത്രഗണം രചിച്ചു. . . (ശ്രീജിത്ത്)

ശാർദ്ദൂലവിക്രീഡിതം

ദിവ്യസ്തോത്രഗണം രചിച്ചു ദിവിഷൽ ശ്രോത്രോൽസവം ചേർത്തു നൽ–
ഭവ്യശ്രീകലരും നവീനമുനിയാമിക്ഷത്രിയശ്രോത്രിയൻ
സുവ്യക്തം തനദംഗമിന്നു ബലിയായ് നൽകുന്നതിമ്മട്ടെഴും
ഹവ്യം ഭൂമിയിലില്ലഹോ, ഹുതവഹസ്വാമിൻ പ്രസാദിക്ക നീ!

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

## 3.2603 സത്യസന്ധത വെടിഞ്ഞു. . . (ഋഷി)

രഥോദ്ധത

സത്യസന്ധത വെടിഞ്ഞു നീചമാം
കൃത്യമേതുമിഹചെയ്യുവാൻ പരം
നിത്യവും വഴികളോർത്തു പാർത്തിടും
മർത്ത്യരുണ്ടുലകിൽ വേണ്ടുവോളവും

കവി : കെ. എസ്. നായർ, വെളപ്പായ

## 3.2604 നീലമേഘനിറമാണ്ടവൻ. . . (സീമ)

കുസുമമഞ്ജരി

നീലമേഘനിറമാണ്ടവൻ, രുചിരപീലിയാർന്നമുടിയാണ്ടവൻ,
കാലിമേപ്പതിനു ലീലയാ കുറിയ കോലിയന്ന കരമാണ്ടവൻ,
കാളിയന്റെ ഗരളം കവർന്ന ഫണമേറിയാരചിത താണ്ഡവൻ
മാലകറ്റുക നിരന്തരം കരുണ പൂണ്ടവൻ നമിതപാണ്ഡവൻ.

## 3.2605 കാരുണ്യം കാളകണ്ഠപ്പകുതി. . . (കർത്താ)

സ്രഗ്ധര

കാരുണ്യം കാളകണ്ഠപ്പകുതി! തവ കടക്കണ്ണു കൈകാര്യമേറി–
ത്തീരെദ്ദീവാളിവച്ചോ തിരുമിഴിയിലതോ ചണ്ഡി! ചെങ്കണ്ണു വന്നോ?
നേരേ നോക്കാത്തതെന്താ, ണടിയനടിയിണത്താമരത്താർ വണങ്ങി–
പ്പോരുന്നോനാണതോർത്താലതിനിവനു മുറയ്ക്കുണ്ടു മുഖ്യാവകാശം.

കവി : ശീവൊള്ളി

## 3.2606 നാരായണന്നു സഖിയാകിയ. . . (രവി)

വസന്തതിലകം

നാരായണന്നു സഖിയാകിയ പാണ്ഡവന്നു
പാരിച്ച ദുർമ്മദമടക്കി വരം കൊടുപ്പാൻ
കൈരാത വേഷധരനാകിയ ചന്ദ്രചൂഡൻ
കാരുണ്യമെങ്കലരുളീടുക സർവ്വകാലം

കവി : ഇരട്ടക്കുളങ്ങര രാമവാര്യർ, കൃതി : *കിരാതം ആട്ടക്കഥ*

### 3.2607 കാലൻ വരുന്ന സമയം. . . (സീമ)

വസന്തതിലകം

കാലൻ വരുന്ന സമയം ഭയമോട്ടടൻ ശ്രീ–
കോലിൽക്കടന്നു ശിശു വീണു നമിച്ച മൂലം
ശൂലേന കാലനുടെ കാലമഹോ കഴിച്ച
കാലന്റെ കാലനുടെ കാലിണ കൈതൊഴുന്നേൻ.

### 3.2608 ശരി നയനപഥത്തിൽ. . . (ഹരി സി. വി.)

പുഷ്പിതാഗ്ര

ശരി നയനപഥത്തിൽ നിന്നിടുന്നു–
ണ്ടൊരു നിമിഷം പിരിയാതെയെൻ പ്രിയൻ നീ
പരമതു നിഴൽ പോലെയിന്ദ്രി യങ്ങൾ–
ക്കരതിദദർശനമായി– ഞാൻ വലഞ്ഞു

കവി : കുമാരനാശാൻ, കൃതി : *ലീല*

### 3.2609 പരിചൊടു ചരണാബ്ജം. . . (ഋഷി)

മാലിനി

പരിചൊടു ചരണാബ്ജം സംശ്രയിപ്പോർക്കു നിത്യം
പെരുകിന പരിതാപം തീർത്തുകാത്തീടുവോളേ
സുരർ സപദി നമിയ്ക്കും കാൽക്കൽ ഞാൻ കുമ്പിടുന്നേൻ
തരണമൊരഭയം മേ, ലോകനാർക്കാവിലമ്മേ

കവി : കടത്തനാട്ട് കെ. പദ്മനാഭ വാരിയർ, കൃതി : *ലോകനാർക്കാവിലമ്മ*

### 3.2610 സുരുചിരത കലർന്ന. . . (ഹരി സി. വി.)

പുഷ്പിതാഗ്ര

സുരുചിരത കലർന്ന വില്ലുമമ്പും
കരയുഗസന്നിധിയിൽ പതിച്ചിരുന്നു
കസവൊളിതിരളുന്ന തൊപ്പിയൂരി–
ത്തലയോടു ചേർന്നരികിൽക്കിടന്നിരുന്നു

കവി: കെ. സി. കേശവപിള്ള, കൃതി: *കേശവീയം*

### 3.2611 കന്നിയ്ക്കുപിന്നെ മകരത്തിനു. . . (ഋഷി)

വസന്തതിലകം

കന്നിയ്ക്കുപിന്നെ മകരത്തിനു കൊയ്തു കൂട്ടും
പൊന്നെല്ലുകൊണ്ടറനിറഞ്ഞു കവിഞ്ഞിടുമ്പോൾ
തോന്നയ്ക്കൽ നിന്നു കൊടിപാറിയ കോടി ലിംഗ–
ത്തുന്നും കടന്നു വരവായ് കറവപ്പശുക്കൾ

കവി : വൈക്കം വിശ്വനാഥൻ നായർ, കൃതി : *തറവാട്*

### 3.2612 തരുമനമതി താതൻ. . . (ഹരി സി. വി.)

പുഷ്പിതാഗ്ര

തരുമനമതി താത,നിങ്ങു കാലം
വരുമതിനെന്നിവൾ നാഥ,കാത്തിരുന്നേൻ,
ഗുരുജനഭയപഞ്ജരസ്ഥ കഷ്ടം!
പരനഥ പൈങ്കിളിപോലെ,ദത്തയായേൻ

### 3.2613 ഗാത്രം ചുക്കിച്ചുളിഞ്ഞും. . . (ഋഷി)

സ്രഗ്ദ്ധര

ഗാത്രം ചുക്കിച്ചുളിഞ്ഞും, ഗമനമിടറിയും, ദന്തമെല്ലാം കൊഴിഞ്ഞും,
വക്ത്രം ലാലാക്തമായും, ബധിരത വലുതായ്, കാഴ്ചയറ്റും, പറഞ്ഞാൽ
ഉറ്റോർ കേൾക്കതെയായും, പരിചരണമഹോ ഭാര്യ ചെയ്യാതെയായും,
കഷ്ടം! വാർദ്ധക്യ,മോർത്താലൊരുവനു മകനും ശത്രുവായ്ത്തീർന്നിടുന്നു!

കവി : **ഗോവിന്ദൻ മാസ്റ്റർ, പയ്യന്നൂർ (വിവ:)**, കൃതി : *സുഭാഷിതങ്ങൾ*

### 3.2614 ഉടുക്കും പുലിത്തോൽ. . . (സീമ)

ഭുജംഗപ്രയാതം

ഉടുക്കും പുലിത്തോലുടുക്കൊട്ടടിക്കും
കടിക്കും ഫണിച്ചാർത്തിടയ്ക്കും തലയ്ക്കും
കുടിക്കുന്നതയ്യോ കടുക്കും വിഷം നീ–
നടിക്കുന്ന കണ്ടാൽ നടുക്കം പുരാനേ!

### 3.2615 കടുനിണമൊഴുകിപ്പടർന്നു. . . (ഹരി സി. വി.)

പുഷ്പിതാഗ്ര

കടുനിണമൊഴുകിപ്പടർന്നു ചുറ്റും
കഠിനതപ്പൂണ്ടു കറുത്തു നിന്നിരുന്നു
സ്ഫുടരുചിതടവും വിശാലവക്ഷ–
സ്തടമവഗാഢതരം പിളർന്നിരുന്നു

### 3.2616 സ്ഫുരിയ്ക്കുമീ നിന്നുടലിൻ. . . (ഋഷി)

വംശസ്ഥം

സ്ഫുരിയ്ക്കുമീ നിന്നുടലിൻ പദാർത്ഥമെ–
ന്തുരയ്ക്ക മിന്നൽപിണരിൻ സ്ഫുലിംഗമോ?
വിരിഞ്ഞുപോം താരഗണങ്ങൾ തമ്മിലാ–
ഞ്ഞുരഞ്ഞു പാറും പൊടിയോ, നിലാവതോ?

കവി : **ആശാൻ**, കൃതി : *മിന്നാമിനുങ്ങ്*

### 3.2617 വാനോർവാരാശി,വാസ്തോഷ്പതി. . . (സീമ)

സ്രഗ്ദ്ധര

വാനോർവാരാശി,വാസ്തോഷ്പതി,ദനുജകുലം,മന്ദരം,വാസുകിപ്പാ–
മ്പാനന്ദാലിപ്പറഞ്ഞുള്ളവർ തവ തനു കണ്ടെങ്കിലും കണ്ടതില്ല
താനാരാണെന്നു ചിന്തിച്ചതിനുടെ പരമാർത്ഥംവരെക്കണ്ട വിദ്വാൻ–
താനാകുന്നു ജഗത്തിൽ ജനനി, ഭവതിയെക്കണ്ടവൻ കർമ്മവേധി.

## 3.2618 താരങ്ങൾ നിൻ പതനമോർത്തു. . . (രവി)

വസന്തതിലകം

താരങ്ങൾ നിൻ പതനമോർത്തു തപിച്ചഹോ ക–
ണ്ണീരായിതാ ഹിമകണങ്ങൾ പൊഴിഞ്ഞിടുന്നു;
നേരായി നീഡതരുവിട്ടു നിലത്തു നിന്റെ
ചാരത്തു വീണ ചടകങ്ങൾ പുലമ്പിടുന്നു

കവി : **എൻ. കുമാരനാശൻ**, കൃതി : *വീണപൂവ്*

## 3.2619 നാനാതരം കല്മഷ. . . (ഋഷി)

ഇന്ദ്രവജ്റ

നാനാതരം കല്മഷമേറിജന്മ–
നാശം വരുത്തും കലിബാധ നീങ്ങാൻ
നാമിന്നു ചെയ്യും ജപയജ്ഞമെല്ലാം
*നാരായണന്നർപ്പണമായ് വരട്ടേ!*

കവി : **കെ. ആർ. തങ്കമണി, പെരുംതുരുത്ത**, കൃതി : *(സമസ്യാപൂരണം)*

## 3.2620 നേരാമിതെല്ലാ,മിതി. . . (സിദ്ധാർത്ഥൻ)

ഇന്ദ്രവജ്റ

നേരാമിതെല്ലാ,മിതി തേറിടുന്നോ
രാരോഗമാർന്നുള്ളൊരു ചിന്തയെല്ലാം
നേരല്ല,തെന്നോതി ഗുണം വരുത്തും
*നാരായണന്നർപ്പണമായ് വരട്ടേ!*

കവി : **സിദ്ധാർത്ഥൻ**, കൃതി : *(സമസ്യാപൂരണം)*

## 3.2621 നെന്മേനിവാകമലർമേനി. . . (ശ്രീജിത്ത്)

വസന്തതിലകം

നെന്മേനിവാകമലർമേനി വെടിഞ്ഞുവാഴ് ത്തും
തന്മേനി കണ്ടു മലർവില്ലനെ വെന്ന വമ്പൻ
തന്മേനി നേർപകുതി താനെഴുമൂരകത്തു–
ള്ളമ്മേ! നിനക്കുടയ കാലിണ കൈതൊഴുന്നേൻ

കവി : **കുണ്ടൂർ നാരയണമേനോൻ**, കൃതി : *കോമപ്പൻ*

## 3.2622 തങ്കൽത്തിളങ്ങുമൊളികൊണ്ടു. . . (സീമ)

വസന്തതിലകം

തങ്കൽത്തിളങ്ങുമൊളികൊണ്ടുതനിത്തകിട്ടു
തങ്കത്തിനുള്ള തല താഴ്ത്തിയ തമ്പുരാട്ടി
വങ്കത്തമേറുമടിയന്നകതാരിൽ വാഴ്കും
വൻ കത്തലാറ്റിടുക വല്ല കണക്കിലും നീ.

## 3.2623 വിവാഹമീരെട്ടു. . . (ഹരി സി. വി.)

ഉപേന്ദ്രവജ്റ

വിവാഹമീരെട്ടു സഹസ്രമെട്ടും
വിധിയ്ക്കു ചേരും പടി ചെയ്തവൻ പോൽ
അവർക്ക് വേണ്ടുന്ന വിഭൂതിയെല്ലാം
അവൻ കൊടുക്കുന്നു നിരന്തരം പോൽ

### 3.2624 ആരാണു പോകുവതടുത്ത. . . (ശ്രീജിത്ത്)

വസന്തതിലകം

ആരാണു പോകുവതടുത്ത പറമ്പിലൂടെ–
യാരാമസീമ്നി വനദേവതയെന്നപോലെ
ആ രാമയാളൊരരിവട്ടിയിടത്തുകയ്യി–
ന്നാരാൽ മലർന്ന കരതാരിൽ വഹിച്ചിരുന്നു

കവി : **വള്ളത്തോൾ നാരായണമേനോൻ**, കൃതി : *സാഹിത്യമഞ്ജരി*

### 3.2625 അടിക്കടിക്കടിയനിലാധി. . . (മധുരാജ്)

അതിരുചിര

അടിക്കടിക്കടിയനിലാധിവീചി വ–
ന്നടിക്കുമാറുളുമജന്റെ ശാസനം
അടിക്കു തൊട്ടൊഴിയണമായതിന്നു നി–
ന്നടിക്കു താണയി, ജഗദംബ കുപ്പുവൻ

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

### 3.2626 ആലസ്യമാണ്ട മുഖമൊട്ടു. . . (വാസുദേവൻ)

വസന്തതിലകം

ആലസ്യമാണ്ട മുഖമൊട്ടു കുനിച്ചു, വേർത്ത–
ഫാലസ്ഥലം മൃദുകരത്തളിർകൊണ്ടുതാങ്ങി
ചേലഞ്ചി മിന്നുമൊരു വെൺകുളിർകൽത്തറയ്ക്കു–
മേലങ്ങു ചാരുമുഖി ചാരിയിരുന്നിടുന്നു

കവി : **വള്ളത്തോൾ നാരായണമേനോൻ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

### 3.2627 ചിത്രാംശുവെന്നു പുകളേറിയ. . . (സീമ)

വസന്തതിലകം

ചിത്രാംശുവെന്നു പുകളേറിയ ചിത്രകാരൻ
മുൻപെക്കുറിച്ച ഘനചിത്രപടത്തെയെല്ലാം
ആകാശഭിത്തിയിലെടുത്തു നിവർത്തി നേരേ–
ചായം കൊടുത്തു മിഴിവേകി മിനുക്കിടുന്നോ!

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**, കൃതി : *വിശ്വരൂപം*

### 3.2628 ആഹാ, രചിച്ച ചെറു. . . (രവി)

വസന്തതിലകം

ആഹാ, രചിച്ച ചെറുലൂതകളാശു നിന്റെ
ദേഹത്തിനേകി ചരമാവരണം ദുകൂലം
സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞു നിന്മേൽ
നീഹാരശീകരമനോഹരമന്ത്യഹാരം

കവി : **കുമാരനാശൻ**, കൃതി : *വീണപൂവ്*

## 3.2629 സേനാധിപന്റെ തല. . . (ശ്രീജിത്ത്)

വസന്തതിലകം

സേനാധിപന്റെ തല കൊയ്യുവതിന്നു കാശീ–
ഭൂനാഥനോങ്ങിയൊരു വജ്രസമാനഖഡ്ഗം
സേനാനിയൊത്തൊരു മനോഹരനാഞ്ഞു തട്ടി
വാനാണ്ട വാളിനു സമാനമദൃശ്യമാക്കി

കവി : **ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ**, കൃതി : *വിനോദിനി*

## 3.2630 സത്യം കൊണ്ടിന്നിമേലിൽ. . . (ഋഷി)

സ്രഗ്ദ്ധര

സത്യം കൊണ്ടിന്നിമേലിൽ ധരണിയിലധികം കാലമാവില്ല വാഴാൻ
പാർത്തട്ടാഴുന്ന മദ്യക്കടലിൽ വെളിവശേഷം നശിയ്ക്കുന്ന കഷ്ടം
പേർത്തും ചീറ്റുന്ന കൊല്ലും കൊലയുമനുദിനം കേളികൊട്ടുന്നിതെങ്ങും
***ചിത്തം മങ്ങുന്നു, ക്രൂരം സഭയിലിനിയുമീ വേഷമാടേണമെന്നോ?***

കവി : **പ്രദ്യുമ്നൻ നായർ, കുറിച്ചിത്താനം**, കൃതി : *(സമസ്യാപൂരണം)*

## 3.2631 പൊന്നാനിയിൽ ചെന്നു. . . (ഹരി സി. വി.)

ഇന്ദ്രവജ്ര

പൊന്നാനിയിൽ ചെന്നു നദീവതംസ–
പ്പൊന്നായ സാക്ഷാൽ നിളയൊടിണങ്ങി
ഈയുപ്പുവെള്ളപ്പുഴ വിശ്രമാർത്ഥം
പൂകുന്നു പൂർവേതരസാഗരത്തിൽ

## 3.2632 ഈറ്റക്കാടിന്നകത്തായ്. . . (ഋഷി)

സ്രഗ്ദ്ധര

ഈറ്റക്കാടിന്നകത്തായ് വലിയ ബഹളമാണെന്നു ഞാനെത്തിനോക്കി
മാറ്റിത്തം കണ്ണുപൊത്തി ഹരനുമുമയുമുണ്ടാനയായിക്കളിപ്പൂ
ഊറ്റത്തിൽ കണ്ടു പിന്നീടവരുടെ മടിയിൽ കേറി വാഴുന്നു സാക്ഷാൽ
തീറ്റക്കാരൻ മഹാപണ്ഡിതനവനുടെ സാമർത്ഥ്യമേ വെൽവൂതാക!

കവി : **പാലൂര്**, കൃതി : *അർദ്ധനാരീശ്വരൻ*

## 3.2633 ഉണ്ടായിത്താമ്രകാരാദ്. . . (ഉമേഷ്)

സ്രഗ്ദ്ധര

ഉണ്ടായിത്താമ്രകാരാദ്, രജകനെയുമണ, ഞ്ഞാർന്നു പൗരാണികൗഘം
കൊണ്ടാടി, ക്കണ്ടു കായസ്ഥരെ, നണയരെയെല്ലാം പുണർ, ന്നക്കവീന്ദ്രാൻ
വേണ്ടും വണ്ണം വണങ്ങി, ഗ്ഗണികകളൊടു നന്നായിണങ്ങീട്ടു വാസം
പൂണ്ടേറ്റം വാണിജന്മാരൊടു കളവു സുഖിക്കുന്നു തട്ടാന്റെ വീട്ടിൽ.

കവി : **കേ. സി. കേശവപിള്ള**

## 3.2634 വാണീദേവീകടാക്ഷാഞ്ചല. . . (സീമ)

സ്രഗ്ദ്ധര

വാണീദേവീകടാക്ഷാഞ്ചലമധുപകലാരാമമായ് സർവ്വശാസ്ത്ര–
ശ്രേണീസങ്കേതമായും സകലബുധജനാരാദ്ധ്യസൽക്ഷേത്രമായും,
നാണീയസ്സാം യശസ്സാർന്നൊരു സകലകലാശാലയാം കോടിലിംഗ–
ക്ഷോണീനാഥാലയം ഹാ മധുപനിലയമായ്! കാൺകെടോ കാലഭേദം!

## 3.2635 നടിച്ചിടാം സീരിയൽ. . . (ഋഷി)

ഉപേന്ദ്രവജ്ര

നടിച്ചിടാം സീരിയൽ തന്നിലെന്ന
കടുത്തമോഹത്തോടു പെൺകിടാങ്ങൾ
മടിച്ചിടാതങ്ങു കടന്നുചെന്നി–
ട്ടൊട്ടുക്കമോ വൻചതിയിൽപ്പതിപ്പൂ

കവി : കെ. എസ്. നായർ, വെളപ്പായ, കൃതി : *മുക്തകങ്ങൾ*

## 3.2636 മൃതിവശഗതനായ്. . . (ഹരി സി. വി.)

പുഷ്പിതാഗ്ര

മൃതിവശഗതനായ് പ്രസേനവീരൻ
കുതിരയോടൊത്തവിടെക്കിടന്നിരുന്നു
വിധിമഹിമയലംഘനീയമാണെ–
ന്നതിദയനീയമുരച്ചിടുന്ന വണ്ണം

കവി : കെ. സി. കേശവപിള്ള, കൃതി : *കേശവീയം*

## 3.2637 'വർക്കി'യ്ക്കുണ്ടു 'ടൊയോട്ട'. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

'വർക്കി'യ്ക്കുണ്ടു 'ടൊയോട്ട', 'യുമ്മന' പലേ തോട്ടങ്ങ, ബംഗ്ലാവു, മ–
'മ്മർക്കോച്ച'ന്നു സുരാജിതം പലതരം 'ഹോട്ടേല്' കച്ചോടവും;
കാൽക്കാശും കരതാരിലില്ല, ബിരുദം നേടീ പലേതെങ്കിലും;
വിൽക്കാശിന്നു ഭരിച്ചിടുന്നു, ബിരുദം ഹാ! പിച്ചതെണ്ടീടവേ!

കവി : നാലാങ്കൽ കൃഷ്ണപ്പിള്ള, കൃതി : *ലാഭനഷ്ടങ്ങൾ*

## 3.2638 കാർ കുന്നിക്കുകയാൽ കറുത്ത. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാർ കുന്നിക്കുകയാൽ കറുത്ത നിശയിൽ കാന്തന്റെ വീട്ടിൽ സ്വയം
പോകും പെൺകൊടിമാർക്കകമ്പടിയതായ് ചെല്ലുന്ന മുല്ലായുധൻ
ആകും വണ്ണമിടയ്ക്കു മിന്നി വെളിവായ് കാട്ടുന്ന ചൂട്ടാണിതെ—-
ന്നേകും സംശയമേവനും വിലസുമിത്തുമിന്നലിന്നോമലേ!

കവി: വള്ളത്തോൾ, കൃതി: *ഋതുവിലാസം*

## 3.2639 അരിവമ്പടയും. . . (സീമ)

ഗീതി

അരിവമ്പടയും പടയും
പരിചിനൊടിടിനാദമൊക്കെ വെടിയും വെടിയും
മുകിൽ നടുകൊടിയും കൊടിയും
പരിപശ്യ സുരേന്ദ്രദൃഷ്ടി പൊടിയും പൊടിയും.

## 3.2640 മേയുന്ന പുല്ലും. . . (ഹരി സി. വി.)

ഇന്ദ്രവജ്ര

മേയുന്ന പുല്ലും മറിമാൻ മറന്നു
ചെയ്യുന്ന നൃത്തം മയിലും നിറുത്തി
പായുന്ന കണ്ണീർക്കണമെന്ന പോലെ
പെയ്യുന്നിതേ വെള്ളില വള്ളിതോറും

കവി : **എ. ആർ. രാജരാജവർമ്മ / കാളിദാസൻ**, കൃതി : *ശാകുന്തളം പരിഭാഷ*

## 3.2641 പൂന്തേനാം പല കാവ്യവും. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പൂന്തേനാം പല കാവ്യവും ഗുരുപുരാധീശന്നു നേദിച്ചൊര–
പ്പൂന്താനത്തിനു മുന്നിൽ വന്നു മുകുളം തീർക്കുന്നു നീ കൈകളാൽ
കണ്ണൻ തൻ കഥ ഗാഥയായതിരസാൽ ചൊല്ലും ചെറുശ്ശേരി ത–
ന്നുള്ളിൽ ഭക്തിരസം നുകർന്നു പുളകപ്പൂചൂടി നിൽക്കുന്നു നീ

കവി : **പി. പി. പട്ടശ്ശേരി**, കൃതി : *കാവ്യപൂജ*

## 3.2642 കാളീകായകളായ. . . (സീമ)

ശാർദ്ദൂലവിക്രീഡിതം

കാളീകായകളായകാളിയകളിന്ദാപത്യ കസ്തൂരികാ–
കാന്താകുന്തളകാളികാകരിഘടാ കാലാരികണ്ഠോപമൈഃ
സാന്ദ്രൈഃ സന്തമസൈഃ സമം സമുദിതാഃ സന്ധ്യാവസാനേതത–
സ്താരാശ്ചാപിസമന്തതഃ സ്ഫുടതരം ബഭ്രാജിരേഭ്രാജിരേ

## 3.2643 സുചേഷ്ടിതം കൊണ്ടു . . . (ഹരി സി. വി.)

ഉപേന്ദ്രവജ്ര

സുചേഷ്ടിതം കൊണ്ടു ജഗത്പ്രസിദ്ധൻ
കുചേലനെന്നുള്ളൊരു ഭൂമിദേവൻ
വശിത്വമുൾക്കൊണ്ടു മഹാദരിദ്രൻ
വസിച്ചു സാന്ദീപനിവാസദേശേ

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.2644 വണ്ടാറണിക്കുഴലിമാരൊരു. . . (ശ്രീജിത്ത്)

വസന്തതിലകം

വണ്ടാറണിക്കുഴലിമാരൊരു കണ്ണു നോക്കി–
ക്കണ്ടാൽ മയങ്ങുമഴകാണവനെന്നുമല്ല
തിണ്ടാടി നേർക്കുമെതിരാളികളെത്ര കൂടി–
ക്കൊണ്ടാലുമാ മിടുമിടുക്കനു പുല്ലു പോലെ

കവി : **കുണ്ടൂർ നാരായണ മേനോൻ**, കൃതി : *കോമപ്പൻ*

## 3.2645 താരുണ്യാഭോഗഭാരത്തൊടു. . . (ഉമേഷ്)

സ്രഗ്ദ്ധര

താരുണ്യാഭോഗഭാരത്തൊടു, മതിപൃഥുകാദിത്യബിംബത്തിനേക്കാ–
ളാരുണ്യം തേടുമംഗത്തൊടു, മുലകലിയും മന്ദഹാസങ്ങളോടും,
കാരുണ്യക്ഷുത്തരങ്ങാകിയ കടമിഴിയാൽ കോഴവിട്ടേഴമേഴും
പാരെണ്ണികാത്തുപോരും പശുപതിപകുതിദ്ദേഹമേ, ദേഹി സൗഖ്യം!

## 3.2646 കള്ളിന്നോടു വിരക്തി. . . (സന്തോഷ്)

ശാർദ്ദൂലവിക്രീഡിതം

കള്ളിന്നോടു വിരക്തി, യെന്നുമിരുളും മുമ്പേ ഗൃഹം പൂകിടും,
തള്ളീടും വയറില്ല, നല്ല സരസൻ, തല്ലില്ല, യെന്തേകിലും

കൊള്ളാമെന്നരുളും, പിശുക്കു മിതമായ് മാത്രം, സ്വയം പൊക്കലി,
ല്ലെള്ളോളം പൊളിയില്ല, യോർക്കിലിതു നൽ ഭർത്താവുതൻ ലക്ഷണം!

കവി : **സന്തോഷ്**